# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

23.05.2017-ന് രാവിലെ 10.30 മണിക്ക് സർവകലാശാല മിനി കോൺഫറൻസ് ഹാളിൽ കൂടിയ ആസൂത്രണവും വികസനവും, ഫിനാൻസ്, ജീവനക്കാര്യം എന്നീ സിൻഡിക്കേറ്റ് ഉപസമിതികളുടെ സംയുക്ത യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണവും വികസനവും III – സെക്ഷൻ**

**നം. 3443/പി & ഡി-3/1/2017/ ഭരണവിഭാഗം** **തീയതി. പി.ഡി.ഹിൽസ് – 08.06.2017**

---

**പരാമർശം:** 1) 23.05.2017-ന് രാവിലെ 10.30 മണിക്ക് സർവകലാശാല മിനി കോൺഫറൻസ് ഹാളിൽ കൂടിയ ആസൂത്രണവും വികസനവും, ഫിനാൻസ്, ജീവനക്കാര്യം എന്നീ സിൻഡിക്കേറ്റ് ഉപസമിതികളുടെ സംയുക്ത യോഗത്തിന്റെ അംഗീകരിച്ച മിനിറ്റ്സ്.

2) യു.ഒ.നം. 3073/പി & ഡി-1/1/2017/ഭരണവിഭാഗം തീയതി. 23.05.2017.

## ഉത്തരവ്

പരാമർശം (1) പ്രകാരം, ആസൂത്രണവും വികസനവും, ഫിനാൻസ്, ജീവനക്കാര്യം എന്നീ സിൻഡിക്കേറ്റ് ഉപസമിതികളുടെ സംയുക്ത യോഗം 23.05.2017-ന് രാവിലെ 10.30-ന് സർവകലാശാല മിനി കോൺഫറൻസ് ഹാളിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടു.

പരാമർശം (2) പ്രകാരം, 12.05.2017-ൽ കൂടിയ സർവകലാശാല പ്ലാനിംഗ് ബോർഡ് യോഗം കിഫ്ബിയുടെ ധനസഹായത്തോടു കൂടി സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് 350 കോടി രൂപയുടെ പദ്ധതികൾ അംഗീകരിച്ചതായും അതിൽ നിന്നും താഴെ പറയുന്ന 240 കോടി രൂപയുടെ പദ്ധതികൾ രൂപരേഖ തയ്യാറാക്കി സമർപ്പിച്ചത് പരിഗണിക്കാവുന്നതാണെന്നും ബഹു: വൈസ് ചാൻസലർ റിപ്പോർട്ട് ചെയ്തു. ഇപ്രകാരം പദ്ധതി തുക 240 കോടി രൂപയായി നിജപ്പെടുത്തിയത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുമായും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണെന്നും റിപ്പോർട്ട് ചെയ്തു.

**നിർദ്ദേശിച്ച പദ്ധതികൾ**

1. ആധുനിക പരീക്ഷണശാല കെട്ടിട സമുച്ചയം - 40 കോടി രൂപ.
2. ആധുനിക പരീക്ഷണശാല ഉപകരണങ്ങൾ - 120 കോടി രൂപ.
3. ശാസ്ത്ര പഠനവകുപ്പുകൾ ഒഴികെയുള്ള വകുപ്പുകളുടെ വികസനം - 40 കോടി രൂപ.
4. അന്താരാഷ്ട്ര അക്കാദമിക കെട്ടിട സമുച്ചയം - 40 കോടി രൂപ.

(മറുപുറം...)

പതിമൂന്നാം പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി സംസ്ഥാന സർക്കാരിൽ നിന്നും 178 കോടി രൂപയുടെ പ്ലാൻ ഫണ്ട് ലഭ്യമാകുമെന്നും അതിൽ 2017-18 സാമ്പത്തിക വർഷം ആദ്യ ഗഡുവായി 24 കോടി രൂപ ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നതായി റിപ്പോർട്ട് ചെയ്തു. യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടു.

1. കിഫ്ബിയുടെ ധനസഹായത്തിനായി സമർപ്പിക്കേണ്ട 240 കോടി രൂപയുടെ, മുകളിൽ പറഞ്ഞ നാല് പദ്ധതികൾ അംഗീകരിച്ചു. വിശദമായ പദ്ധതിരേഖ സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും, അതിനു മുന്നോടിയായി 26.05.2017-ന് കൂടാനിരിക്കുന്ന ആസൂത്രണവും വികസനവും സിൻഡിക്കേറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും തീരുമാനിച്ചു.
2. ക്യാമ്പസിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി ജല സംരക്ഷണം ഉറപ്പാക്കുന്നതിന് സർവകലാശാല ക്യാമ്പസിന്റെ ലാൻഡ് സ്കേപ്പ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തി. പ്രസ്തുത പദ്ധതി 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനും ശുപാർശ ചെയ്യാൻ തീരുമാനിച്ചു.
3. ഓട്ടോണമസ് കോളേജുകളിലെ 2017-18 അക്കാദമിക വർഷത്തെ പ്രവേശനം സംബന്ധിച്ച് സ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട കമ്മിറ്റിയെ ചുമതലപ്പെടുത്തി.
4. ഈ യോഗത്തിൽ സമർപ്പിക്കുന്നതിനായി നിർദ്ദേശിച്ചിരുന്ന ക്യാമ്പസ് സോളാർ വൈദ്യുത നിലയം (റൂസ പദ്ധതി) സംബന്ധിച്ച ഫയൽ 26.05.2017-ന് കൂടുന്ന സിൻഡിക്കേറ്റിന്റെ ആസൂത്രണവും വികസനത്തിനുമായുള്ള ഉപസമിതിയിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മോഹനൻ.കെ
ഡെപ്യൂട്ടിരജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:
1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
3. ഡോ. കെ.കൃഷ്ണദാസ്, സിൻഡിക്കേറ്റ് സ്റ്റാൻഡിംങ്ങ് കമ്മിറ്റി കൺവീനർ, ആസൂത്രണവും വികസനവും.
4. ഡോ.ആർ പ്രഗാഷ്, സിൻഡിക്കേറ്റ് ഉപസമിതി കൺവീനർ (പരീക്ഷ)
5. ഡോ. എം.എസ്. മുരളി, സിൻഡിക്കേറ്റിന്റെ വിദ്യാർത്ഥികളുടെ അച്ചടക്കം, ക്ഷേമം, പരാതികൾ എന്നിവയ്ക്കായുള്ള ഉപസമിതി കൺവീനർ.
6. ഡോ. ബി. പത്മനാഭപിള്ള, ബഹു: സിൻഡിക്കേറ്റ് മെമ്പർ